**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - കരകുളം ഗ്രാമപഞ്ചായത്ത് -നിലവിൽ ഉപയോഗിക്കുന്ന കെ.എൽ 21-7147 നമ്പർ ജീപ്പ് മാറ്റി പുതിയ വാഹനം വാങ്ങുന്നതിന്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2242/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/08/2018

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 21/06/18 ലെ ജി.1-15030/18 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2007 മോഡൽ കെ.എൽ. 21-7147 നമ്പർ ജീപ്പ് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഔദ്യോഗിക ആവശ്യത്തിനും കരകുളം ഹെൽത്ത് സെന്ററിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തന നിർവ്വഹണത്തിനും ഖരമാലിന്യ നിർമാർജന പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വിട്ടുനൽകിയ ശേഷം പഞ്ചായത്ത് ഓഫീസ് ആവശ്യത്തിന് 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചയാത്തിന്റെ 2007 മോഡൽ കെ.എൽ 21-7147 നമ്പർ ജീപ്പ് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഔദ്യോഗിക ആവശ്യത്തിനും കരകുളം ഹെൽത്ത് സെന്ററിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തന നിർവ്വഹണത്തിനും ഖരമാലിന്യ നിർമാർജന പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വിട്ടുനൽകിയ ശേഷം തനത് ഫണ്ട് വിനിയോഗിച്ച് 10(പത്ത്) ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് ഓഫീസ് ആവശ്യത്തിന് നിലവിലുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, കരകുളം ഗ്രാമ പഞ്ചായത്ത് ,തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻകേരള മിഷൻ
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ